# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.521 07.01.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

**2013-14 സാമ്പത്തിക വർഷത്തെ അധിക വിഭവ സമാഹരണം**

| | | |
|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം അധിക വിഭവ സമാഹരണം നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു; | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അധിക വിഭവ സമാഹരണത്തിലൂടെ പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രഖ്യാപനമനുസരിച്ച് ഏതെല്ലാം ഇനങ്ങളിൽ എന്ത് തുക വീതം ഇതിനകം അധികമായി സമാഹരിക്കുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; നടപ്പ് സാമ്പത്തിക വർഷം പിന്നിടുമ്പോൾ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക എത്ര വീതമാണ് വിശദമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.10.2013 വരെ അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ടതുൾപ്പെടെ ലഭിച്ച ആകെ സംസ്ഥാന നികുതി വരുമാനം 17936.78 കോടി രൂപയാണ്. ഇതിൽ അധിക വിഭവ സമാഹരണ മാർഗ്ഗത്തിലൂടെ ലഭിച്ച തുകയുടെ വേർതിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അധിക വിഭവ സമാഹരണം 2013–14

| | തുക കോടി യിൽ<br>ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം |
|---|---|
| ആഢംബര വസ്തുക്കൾ, വാഹനങ്ങൾ, വൈറ്റ് ഗുഡ്സ്, മറ്റു ഉപഭോക്തൃ ഉത്പന്നങ്ങൾ എന്നിവയുടെ നികുതി നിരക്ക് ഏകീകരണം. | 650 |
| ബീഡി ഒഴികെയുള്ള സിഗററ്റിന്റേയും സമാനഉത്പന്നങ്ങളുടേയും നികുതി നിരക്ക് വർദ്ധിപ്പിക്കൽ | 120 |
| ബീയർ, വൈൻ എന്നിവ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് വർദ്ധിപ്പിക്കൽ | 250 |
| നിലവിൽ രജിസ്ട്രേഷൻ ഇല്ലാതെ വ്യാപാരം നടത്തുന്ന കച്ചവടക്കാരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് നടപ്പാക്കുന്ന "പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹന പദ്ധതി". | 50 |
| പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി വർദ്ധനവ്<br>പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, ഇലകൾ, പോളി പ്രൊപ്പിലീൻ ക്യാരിബാഗുകൾ എന്നിവയുടെ നികുതി നിരക്ക് വർദ്ധിപ്പിക്കൽ, മണിലെൻഡർമാരുടെ വാർഷിക ലൈസൻസ് ഫീസ് വർദ്ധിപ്പിക്കൽ തുടങ്ങിയവ. | 68.33 |

ഡെപ്യൂട്ടി സെക്രട്ടറി